നമ്പർ. 779/പാർല/2021/നിയമം                                        നിയമ (പാർല) വകുപ്പ്

# പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 821**                    **14.01.2021- ൽ മറുപടിക്ക്**

**<u>കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതിനുള്ള കർമ്മപദ്ധതികൾ</u>**

**ചോദ്യം**                                                                  **മറുപടി**

ശ്രീ. എം. ഉമ്മർ

**ശ്രീ. എ. കെ. ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ-ക്ഷേമവും നിയമവും സാംസ്ക്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| എ) | സംസ്ഥാനത്ത് കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ;; | സംസ്ഥാനത്ത് കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതുമായി ബന്ധപ്പെട്ട് 102 ആക്റ്റുകൾ റദ്ദാക്കുന്നതിനും ഒഴിവാക്കുന്നതിനുമായി 2016-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ (ബിൽ നം. 34) കേരള നിയമസഭ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ 2018 ജൂൺ 19-ാം തീയതിയിലെ കേന്ദ്ര നിയമമന്ത്രാലയത്തിന്റെ 1(53) 2017-L.I നമ്പരായുള്ള കത്തിന്റെ അടിസ്ഥാന ത്തിൽ നിയമ (ലെഗ്.പബ്ലിക്കേഷൻ) വകുപ്പ് സംസ്ഥാനത്തിന് ബാധക മായിട്ടുള്ള 15 ആക്റ്റുകൾ റദ്ദാക്കാനുള്ള നടപടികൾ സ്വീകരിക്കുവാൻ നിയമ (നിർമ്മാണ-ഡി) വകുപ്പിനോട് ആവശ്യപ്പെടുകയും ആയതി |

| | | |
|---|---|---|
| | | ന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്. കൂടാതെ കേരളത്തിൽ നിലവിലുള്ള നിയമങ്ങൾ പരിശോധിച്ച് കാലോചിത മായ മാറ്റങ്ങൾ വരുത്തുന്നതിനും, കാലഹരണ പ്പെട്ടവ ഉണ്ടെങ്കിൽ ആയവ ഒഴിവാക്കുന്നതിനും, പുതുതായി നിയമ ങ്ങൾ രൂപീകരിക്കേണ്ടതു ണ്ടെങ്കിൽ അതു സംബന്ധിച്ചുള്ള പഠനം നടത്തി ശിപാർശ കൾ സമർപ്പിക്കുന്ന തിനുമായി സർക്കാർ സ.ഉ. (എം.എസ്) നം.45/2017/നിയമം തീയതി 09.03.2017 പ്രകാരം ബഹു. ജസ്റ്റിസ്(റിട്ട.) കെ.റ്റി തോമസ് ചെയർ മാനായി കേരള നിയമ പരിഷ്കരണ കമ്മീഷൻ രൂപീകരിച്ചിട്ടുള്ള താണ്. കേരള നിയമ പരിഷ്കരണ കമ്മീഷൻ സംസ്ഥാനത്തെ കാലഹരണപ്പെട്ട നിയമ ങ്ങൾ റദ്ദാക്കുന്നതിനായുള്ള നിർദ്ദേശ ങ്ങൾ സർക്കാരിന് ഇതുവരെയും സമർപ്പിച്ചിട്ടില്ലാത്തതാണ്.കാലഹരണപ്പെട്ട നിയമങ്ങളുടെ പട്ടിക തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നട പടികൾ കേരള നിയമ പരിഷ്കരണ കമ്മീഷൻ ആരംഭിച്ചിട്ടുണ്ട്. |
| ബി) | 2015-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ തയ്യാറാക്കി യെങ്കിലും അതിന്മേൽ തുടർനടപടികൾ | 2015ലെ ദി കേരള റിപ്പീലിങ്ങ് ആന്റ് സേവിങ്ങ് ബിൽ തയ്യാറാക്കി അതിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. |

| | | |
|---|---|---|
| | സ്വീകരിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;; | 2015-ലെ ദി കേരള റിപ്പീലിങ്ങ് ആന്റ് സേവിംഗ് ബിൽ തയ്യാറാക്കി ആയതിന് 19/01/2016ാം തീയതി ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരം നേടിയിട്ടുള്ളതും 2016-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ 03/02/2016-ാം തീയതിയിലെ മന്ത്രിസഭാ യോഗം അംഗീകരിക്കുകയും ആയത് 13ാം കേരള നിയമസഭയുടെ 391ാം നമ്പർ ബില്ലായി നിയമസഭയിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ 13ാം കേരള നിയമസഭയുടെ കാലാവധി ക്കുള്ളിൽ പ്രസ്തുത ബിൽ ആക്ടാക്കി പാസ്സാക്കുവാൻ കഴിഞ്ഞിരുന്നില്ല. ആയതിനാൽ ഭാരതത്തിന്റെ ഭരണഘടനയുടെ 196(5)ാം അനുച്ഛേദം പ്രകാരം പ്രസ്തുത ബിൽ ലാപ്സായിട്ടുള്ളതാണ്. |
| സി) | പ്രസ്തുത ബിൽ ആക്ട് ആക്കുന്ന കാര്യത്തിൽ നിയമവകുപ്പിന്റെ അഭിപ്രായം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ? | പ്രസ്തുത ബിൽ നിയമവകുപ്പിന്റെ 9962/ലെഗ് ഡി1/2011/നിയമം നമ്പർ ഫയലിൽ മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ ഈ വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്:-<br>"ഭരണഘടനയുടെ 372(1)-ാം അനുച്ഛേദം താഴെപറയും പ്രകാരം അനുശാസിക്കുന്നു.<br>'395-ാം അനുച്ഛേദത്തിൽ പരാമർശിച്ചിട്ടുള്ള നിയമങ്ങൾ ഈ ഭരണഘടന വഴി റദ്ദാക്കിയിട്ടുണ്ട്. എന്നിരുന്നാലും, ഈ |

| | | |
|---|---|---|
| | | ഭരണഘടനയിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുൻപ് ഭാരതത്തിന്റെ ഭൂപ്രദേശത്ത് പ്രാബല്യത്തിലിരുന്ന എല്ലാ നിയമങ്ങളും ക്ഷമതയുള്ള ഒരു നിയമ നിർമ്മാണ മണ്ഡലമോ ക്ഷമതയുള്ള മറ്റ് അധികാര സ്ഥാനമോ വ്യത്യസ്തപ്പെടുത്തുകയോ റദ്ദാക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്യുന്നതുവരെ അതിനുള്ളിൽ പ്രാബല്യത്തിൽ തുടരുന്നതാകുന്നു.' ഭരണഘടനയുടെ പ്രാരംഭത്തിനു ശേഷം സംസ്ഥാന നിയമസഭ പാസ്സാക്കി ബഹു. ഗവർണറുടെ അനുമതി ലഭിച്ചിട്ടുള്ള ആക്ടുകൾ സംസ്ഥാന നിയമസഭയുടെ ഒരു ആക്ട് മുഖേന റദ്ദാക്കാവുന്നതാണ്. ആയതിനാൽ സംസ്ഥാന നിയമസഭയ്ക്ക് ഈ ബിൽ നിയമമാക്കുന്നതിന് അധികാരമുണ്ട്. നിയമങ്ങളുടെ റദ്ദാക്ക ലിന്റെ പ്രഭാവം 1125-ലെ കേരള വ്യാഖ്യാനവും പൊതു ഖണ്ഡങ്ങളും ആക്റ്റിന്റെ (1125-ലെ VII-ാം ആക്റ്റ്) 4-ാം വകുപ്പിന്റെ കീഴിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരമായിരിക്കും.<br>കരട് ബില്ലിലെ വ്യവസ്ഥകൾ ഭാരതത്തിന്റെ ഭരണഘടനയിലെ വ്യവസ്ഥകൾക്ക്, പ്രത്യേകിച്ച് മൗലികാവകാശങ്ങളെ സംബന്ധിച്ച വ്യവസ്ഥ |

| | | |
|---|---|---|
| | | കൾക്ക് വിരുദ്ധമല്ല. അതിനാൽ ബിൽ നിയമ സഭയിൽ അവതരിപ്പിക്കുന്നതിന് രാഷ്ട്രപതി യുടെ മുൻകൂർ അനുമതി ആവശ്യമില്ല. കരട് ബില്ലിലെ വ്യവസ്ഥ കൾ സമവർത്തി ലിസ്റ്റിൽ പ്രതിപാദി ച്ചിട്ടുള്ള സംഗതികളിൽ നിലവിലുള്ള യാതൊരു കേന്ദ്ര നിയമ ങ്ങൾക്കും വിരുദ്ധമല്ല. ആയതിനാൽ, ബിൽ നിയമസഭ പാസാക്കിയാൽ ആയത് രാഷ്ട്രപതിയുടെ പരിഗണനയ്ക്കും അംഗീകാര ത്തിനുമായി മാറ്റിവയ്ക്കേണ്ട ആവശ്യമില്ല." |

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ